# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.779 | 09.08.2017-ൽ മറുപടിയ്ക്ക്

## തെയ്യം കലാകാരന്മാർക്കുള്ള പെൻഷൻ പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ജോർജ് എം. തോമസ്: | | **ശ്രീ.എ.കെ.ബാലൻ**<br>**പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി** |
| എ) തെയ്യം കലാകാരന്മാർക്ക് അനുവദിക്കുന്ന പെൻഷൻ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; | എ) | രണ്ടു തരത്തിലുള്ള പെൻഷൻ പദ്ധതികളാണ് തെയ്യം കലാകാരന്മാർക്കുള്ളത്.<br>1) സാംസ്കാരിക വകുപ്പ് അനുവദിക്കുന്ന സംസ്ഥാന കലാകാര പെൻഷൻ<br>2) കലാകാര ക്ഷേമനിധി ബോർഡ് അനുവദിക്കുന്ന പെൻഷൻ.<br>ഇവയിൽ ഏതെങ്കിലും ഒന്നു മാത്രമെ ലഭ്യമാകുകയുള്ളൂ. അടിയന്തര ചികിത്സാ ധനസഹായ പദ്ധതിയിലും തെയ്യം കലാകാരന്മാരെ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| ബി) ഫോക്ക് ലോർ അക്കാദമിയിൽ നിന്നും സാംസ്കാരിക വകുപ്പിന്റെ പരിഗണനയ്ക്കയച്ച, തെയ്യം കലാകാരന്മാരുടെ പെൻഷൻ അപേക്ഷകളിൽ ഇനിയും എത്രയെണ്ണം തീർപ്പുകൽപ്പിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ; | ബി) യും സി) യും | കലാകാര പെൻഷന് വേണ്ടി ഫോക് ലോർ അക്കാദമിയിൽ നിന്ന് തെയ്യം കലാകാരന്മാരുടെ 7 അപേക്ഷകളാണ് ലഭ്യമായിട്ടുള്ളത്. ലഭ്യമായ അപേക്ഷകളിൽ മാനദണ്ഡപ്രകാരം യോഗ്യതയുള്ള കലാകാരന്മാർക്ക് പെൻഷൻ അനുവദിക്കുന്ന നടപടികൾ സ്വീകരിച്ചു വരികയാണ്. |
| സി) പ്രസ്തുത അപേക്ഷകൾ എന്നത്തേക്ക് തീർപ്പാക്കി പെൻഷൻ അനുവദിക്കാൻ കഴിയും എന്നു വ്യക്തമാക്കുമോ? | | |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**